GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR.92/2026 17.08.2026

## രണ്ടാംഘട്ട ഭൂപരിഷ്കരണത്തിലേക്ക് കേരളം; 'കേരള ബ്രാൻഡ്', AI അധിഷ്ഠിത വന്യജീവി പ്രതിരോധം: കാർഷിക മേഖലയിൽ വമ്പൻ പ്രഖ്യാപനങ്ങളുമായി മുഖ്യമന്ത്രി

### കർഷകനെ ചേർത്തുപിടിച്ച് കാലാവസ്ഥാ അതിജീവന കാർഷിക മേഖലയിലേക്ക്; 'കൃഷി സഖി', 'കതിർ' കാർഷിക ക്ലബ്ബുകൾ, പ്രളയാനന്തര പുനർനടീൽ പ്രത്യേക ഡ്രൈവ് ഉൾപ്പെടെ പുതിയ ഇടപെടലുകളുമായി കൃഷിവകുപ്പ്

എറണാകുളം: കേരളത്തിന്റെ കാർഷിക മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി രണ്ടാംഘട്ട ഭൂപരിഷ്കരണത്തിന് തുടക്കം കുറിക്കുമെന്നും ഇതിനായി നിലവിലുള്ള ഭൂനിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുമെന്നും മുഖ്യമന്ത്രി വി. ഡി. സതീശൻ പ്രഖ്യാപിച്ചു. കാർഷിക ഉൽപ്പന്നങ്ങൾക്ക് മൂല്യവർധന നൽകി 'കേരള ബ്രാൻഡ്' എന്ന പേരിൽ ആഗോള വിപണിയിലെത്തിക്കുക, മലയോര മേഖലകളിലെ വന്യജീവി ആക്രമണം നേരിടാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത പ്രതിരോധ സംവിധാനം നടപ്പാക്കുക, റബ്ബറിന്റെ താങ്ങുവില ഘട്ടംഘട്ടമായി കിലോഗ്രാമിന് ₹300 ആയി ഉയർത്തുക തുടങ്ങിയ സുപ്രധാന പ്രഖ്യാപനങ്ങളും മുഖ്യമന്ത്രി നടത്തി.

എറണാകുളം കളമശ്ശേരിയിൽ നടന്ന 2026-ലെ സംസ്ഥാന കർഷകദിനാഘോഷവും 2025-ലെ സംസ്ഥാന കർഷക അവാർഡ് വിതരണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സംസ്ഥാനത്തെ കർഷകർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ചിങ്ങപ്പിറവിയുടെയും കർഷകദിനത്തിന്റെയും ആശംസകൾ നേർന്ന മുഖ്യമന്ത്രി,

കാലാവസ്ഥാ വ്യതിയാനം കാർഷിക കലണ്ടറിന്റെ താളം തെറ്റിച്ച സാഹചര്യത്തിൽ അതിന്റെ ആദ്യ ഇരകളാകുന്നത് കർഷകരാണെന്നും പ്രതിസന്ധികളിൽ അവരെ ചേർത്തുപിടിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നതെന്നും പറഞ്ഞു.

## ഭൂനിയമങ്ങളിൽ കാലാനുസൃത മാറ്റം; തോട്ടങ്ങൾ പ്രവർത്തനക്ഷമമാക്കും

രണ്ടാംഘട്ട ഭൂപരിഷ്കരണത്തിന്റെ ഭാഗമായി നിലവിലെ ഭൂനിയമങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾ കൊണ്ടുവരും. വർഷങ്ങളായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പ്ലാന്റേഷൻ മേഖലകളിൽ പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ ടൂറിസം ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

അവക്കാഡോ, റംബുട്ടാൻ തുടങ്ങിയ ഉയർന്ന മൂല്യമുള്ള വിളകൾ ഉൾപ്പെടുത്തി മൾട്ടി-ക്രോപ്പ് കൃഷിരീതി വ്യാപിപ്പിക്കും. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർധന ശക്തിപ്പെടുത്തി 'കേരള ബ്രാൻഡ്' എന്ന പേരിൽ ദേശീയ-അന്തർദേശീയ വിപണികളിലെത്തിക്കുകയാണ് ലക്ഷ്യം.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ കേരളത്തിന്റെ കാർഷിക ഉൽപ്പന്നങ്ങളും സുഗന്ധവ്യഞ്ജനങ്ങളും കൂടുതൽ വേഗത്തിലും കുറഞ്ഞ ചെലവിലും വിദേശ വിപണികളിലെത്തിക്കാനാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് കൂടുതൽ വെയർഹൗസുകൾ സ്ഥാപിച്ച് വിപണിയിൽ മികച്ച വില ലഭിക്കുന്ന സമയത്ത് വിൽപ്പന നടത്താനുള്ള സാഹചര്യം കർഷകർക്ക് ഒരുക്കുമെന്നും അദ്ദേഹം അറിയിച്ചു.

## വന്യജീവി പ്രതിരോധത്തിന് ₹200 കോടി; AI സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തും

മലയോര മേഖലയിലെ കർഷകർ നേരിടുന്ന വന്യജീവി ആക്രമണം തടയുന്നതിനായി ₹200 കോടി വകയിരുത്തിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകളും നിലവിലുള്ള പ്രതിരോധ സംവിധാനങ്ങളും സംയോജിപ്പിച്ചുള്ള സമഗ്ര പദ്ധതി നടപ്പാക്കും. കർഷകന്റെ ജീവനും കൃഷിക്കും ഒരുപോലെ സംരക്ഷണം ഉറപ്പാക്കുന്ന സംവിധാനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## റബ്ബർ താങ്ങുവില ₹300 ആക്കും

റബ്ബർ കർഷകർക്ക് കൂടുതൽ വരുമാന സുരക്ഷ ഉറപ്പാക്കുന്നതിനായി റബ്ബറിന്റെ താങ്ങുവില നിലവിലെ ₹250-ൽ നിന്ന് അടുത്ത ഘട്ടത്തിൽ കിലോഗ്രാമിന് ₹300 ആയി ഉയർത്തുമെന്നും

മുഖ്യമന്ത്രി പ്രഖ്യാപിച്ചു. നിലവിലെ സർക്കാർ അധികാരത്തിലെത്തിയ ശേഷം റബ്ബർ താങ്ങുവില ₹200-ൽ നിന്ന് ₹250 ആയി ഉയർത്തിയതായും അദ്ദേഹം പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനവും പ്രകൃതിക്ഷോഭങ്ങളും മൂലം കൃഷിനാശം നേരിടുന്ന കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം സർക്കാർ 25 ശതമാനം വർധിപ്പിച്ചിട്ടുണ്ടെന്നും, അത് കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

നെൽകർഷകർക്ക് ലഭിക്കാനുണ്ടായിരുന്ന കുടിശ്ശിക തീർപ്പാക്കുന്നതിന് അധികാരത്തിലെത്തി രണ്ടുമാസത്തിനകം തന്നെ സർക്കാർ നടപടി സ്വീകരിച്ചു. ധനപ്രതിസന്ധിക്കിടയിലും ഇതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടെന്നും ഭാവിയിൽ നെല്ല് സംഭരിച്ചാൽ കൃത്യസമയത്ത് വില ലഭിക്കുന്ന സ്ഥിരം സംവിധാനം ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

### പ്രകൃതിക്ഷോഭങ്ങളിൽ കർഷകനെ ഒറ്റയ്ക്കാക്കില്ല: കൃഷിമന്ത്രി അഡ്വ. ടി. സിദ്ദിഖ്

വെള്ളപ്പൊക്കവും വരൾച്ചയും ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങളിൽ പകച്ചുനിൽക്കുന്ന കർഷകനെ ചേർത്തുപിടിക്കുകയും അവരെ വീണ്ടും കൃഷിയിലേക്ക് തിരിച്ചെത്തിക്കുകയും ചെയ്യുന്നതിനാണ് സർക്കാർ ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനം, വെള്ളപ്പൊക്കം, വരൾച്ച, എൽ-നിനോ തുടങ്ങിയ പ്രതിഭാസങ്ങൾ കാർഷിക മേഖലയ്ക്ക് വലിയ വെല്ലുവിളിയായി മാറിയ സാഹചര്യത്തിൽ കാലാവസ്ഥാ അധിഷ്ഠിത കാർഷിക രീതികളിലേക്ക് വകുപ്പ് മാറുകയാണ്. പ്രളയബാധിത പ്രദേശങ്ങളിലെ കൃഷിനാശം വിലയിരുത്തി പുനർനടീൽ വേഗത്തിലാക്കുന്നതിനായി സംസ്ഥാനതലത്തിൽ പ്രത്യേക 'Crop Loss Assessment & Replanting Special Drive' ആരംഭിച്ചതായി മന്ത്രി അറിയിച്ചു. കർഷകർക്ക് ആവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ, വളം എന്നിവ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികളും ഇതിന്റെ ഭാഗമായി സ്വീകരിക്കും.

2026 ജൂലൈ 29 മുതൽ ആഗസ്റ്റ് 10 വരെ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം നേരിട്ട കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിനും വിള ഇൻഷുറൻസ് നഷ്ടപരിഹാരത്തിനും അപേക്ഷിക്കാനുള്ള സമയപരിധി സെപ്റ്റംബർ 5 വരെ നീട്ടിയിട്ടുണ്ട്. അർഹരായ ഒരു കർഷകനുപോലും ആനുകൂല്യം നഷ്ടപ്പെടരുതെന്ന നിലപാടിന്റെ ഭാഗമായാണ് സമയപരിധി ദീർഘിപ്പിച്ചതെന്ന് മന്ത്രി വ്യക്തമാക്കി.

## വനിതാ കർഷകർക്ക് അഞ്ചുവർഷത്തെ 'കൃഷി സഖി'

ഐക്യരാഷ്ട്രസഭ 2026-നെ അന്താരാഷ്ട്ര വനിതാ കർഷക വർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ വനിതാ കർഷകരെ കേന്ദ്രീകരിച്ചുള്ള പ്രത്യേക പ്രവർത്തനങ്ങളുമായാണ് കേരളം മുന്നോട്ടുപോകുന്നതെന്ന് മന്ത്രി പറഞ്ഞു. ഉൽപ്പാദനം മുതൽ വിപണനം വരെ

വനിതാ കർഷകരുടെ പങ്കാളിത്തം ശക്തിപ്പെടുത്തുകയും അവരെ കാർഷിക സംരംഭകരായി വളർത്തുകയും ചെയ്യുന്നതിനായി അഞ്ചുവർഷ ദൈർഘ്യമുള്ള 'കൃഷി സഖി' പദ്ധതി ആരംഭിച്ചിട്ടുണ്ട്.

## 'കതിർ' കാർഷിക ക്ലബ്ബുകൾ; കതിർ സഞ്ചാരവും കതിർ മാർക്കറ്റുകളും

പുതുതലമുറയെ കൃഷിയോടും പ്രകൃതിയോടും അടുപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിൽ 'കതിർ' കാർഷിക ക്ലബ്ബുകൾ പ്രവർത്തനം ശക്തിപ്പെടുത്തും. കാർഷിക പഠനയാത്രകളായ 'കതിർ സഞ്ചാരം', സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെടുത്തിയ 'കതിർ മാർക്കറ്റുകൾ' തുടങ്ങിയ പ്രവർത്തനങ്ങളും ക്ലബ്ബുകളുടെ ഭാഗമായി നടപ്പാക്കും.

ക്ലബ്ബുകളിൽ സജീവമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പുരോഗമിക്കുകയാണെന്നും മന്ത്രി അറിയിച്ചു. കുട്ടികളിൽ കൃഷിയോടും പ്രകൃതിയോടുമുള്ള താൽപര്യം വളർത്തുന്നതിനൊപ്പം ലഹരി ഉൾപ്പെടെയുള്ള ദുഷ്പ്രവണതകളിൽ നിന്ന് അവരെ അകറ്റി ക്രിയാത്മകമായ പ്രവർത്തനങ്ങളിലേക്ക് നയിക്കുക എന്ന സാമൂഹിക ലക്ഷ്യവും പദ്ധതിക്കുണ്ട്.

## നെല്ല് സംഭരണ കുടിശ്ശിക വിതരണം ചെയ്തു; ഹോർട്ടികോർപ്പ് കുടിശ്ശിക ഈ മാസം തീർക്കും

നെൽകർഷകരുടെ ജനുവരി മുതൽ ജൂൺ 30 വരെയുള്ള നെല്ല് സംഭരണ കുടിശ്ശിക ബാങ്കിങ് കൺസോർഷ്യം വഴി പൂർണമായും വിതരണം ചെയ്തതായി മന്ത്രി അറിയിച്ചു. പച്ചക്കറി സംഭരണവുമായി ബന്ധപ്പെട്ട് ഹോർട്ടികോർപ്പിൽ നിന്ന് കർഷകർക്ക് ലഭിക്കാനുള്ള കുടിശ്ശിക ഈ മാസം അവസാനത്തോടെ പൂർണമായും വിതരണം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

## കൃഷിവകുപ്പിന് ആഭ്യന്തര നവീകരണ ഉച്ചകോടി

കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കർഷകസൗഹൃദവുമാക്കുന്നതിനായി സെപ്റ്റംബർ 10, 11 തീയതികളിൽ 'Internal Summit' സംഘടിപ്പിക്കും. വകുപ്പിന്റെ നേട്ടങ്ങളും പോരായ്മകളും സമഗ്രമായി വിലയിരുത്തി ഭരണസംവിധാനവും ഫീൽഡ്തല പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഭാവി പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്നതിനുമാണ് ഉച്ചകോടി ലക്ഷ്യമിടുന്നത്.

## വിഷരഹിത ഭക്ഷ്യോൽപ്പാദനത്തിന് മുൻഗണന

വിഷരഹിത ഭക്ഷ്യോൽപ്പാദനം കേരളത്തിന്റെ പ്രധാന കാർഷിക ലക്ഷ്യങ്ങളിലൊന്നാണെന്ന് മന്ത്രി പറഞ്ഞു. അടുത്തിടെ പരിശോധിച്ച 1,258 പച്ചക്കറി സാമ്പിളുകളിൽ 62 എണ്ണത്തിൽ അമിതമായ രാസകീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തിയതായി അദ്ദേഹം ചൂണ്ടിക്കാട്ടി. വിഷരഹിതവും സുരക്ഷിതവുമായ പച്ചക്കറി ഉൽപ്പാദനം വർധിപ്പിക്കുന്നതിന് കർഷകരുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ഇടപെടൽ അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.

## മികച്ച കർഷക വിദ്യാർത്ഥി ആദിത്യന് കൃഷിവകുപ്പ് വീട് നിർമ്മിച്ചുനൽകും

സംസ്ഥാനതലത്തിൽ മികച്ച കർഷക വിദ്യാർത്ഥിയായി തിരഞ്ഞെടുക്കപ്പെട്ട ആദിത്യൻ കെ. എ.-യ്ക്ക് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ പുതിയ വീട് നിർമ്മിച്ചുനൽകുമെന്നും മന്ത്രി പ്രഖ്യാപിച്ചു. പരിമിതമായ ജീവിതസാഹചര്യങ്ങൾക്കിടയിലും കൃഷിയോടുള്ള താൽപര്യവും അധ്വാനവും കൊണ്ട് മാതൃകയായ ആദിത്യൻ പുതുതലമുറയ്ക്ക് പ്രചോദനമാണെന്ന് മന്ത്രി പറഞ്ഞു.

## 38 വിഭാഗങ്ങളിൽ സംസ്ഥാന കർഷക അവാർഡുകൾ; പ്രഥമ ഉമ്മൻ ചാണ്ടി സ്മാരക പുരസ്കാരം ചെറുവയൽ രാമന്

കാർഷിക മേഖലയിലെ മികവിനെയും സമഗ്ര സംഭാവനകളെയും ആദരിച്ച് 38 വിഭാഗങ്ങളിലായി സംസ്ഥാന കർഷക അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്തു. കാർഷിക മേഖലയിലെ സമഗ്ര സംഭാവനയ്ക്കായി ഈ വർഷം പുതുതായി ഏർപ്പെടുത്തിയ ₹5 ലക്ഷം സമ്മാനത്തുകയോടെയുള്ള പ്രഥമ 'ശ്രീ ഉമ്മൻ ചാണ്ടി സ്മാരക സമഗ്ര സംഭാവന പുരസ്കാരം' പത്മശ്രീ ചെറുവയൽ രാമന് സമ്മാനിച്ചു.

പൈതൃക നെൽവിത്തുകളുടെ സംരക്ഷണത്തിനും കാർഷിക ജൈവവൈവിധ്യം നിലനിർത്തുന്നതിനും പരമ്പരാഗത കാർഷിക അറിവ് വരുംതലമുറയിലേക്ക് പകർന്നുനൽകുന്നതിനും ചെറുവയൽ രാമൻ നൽകിയ സംഭാവനകളെ മുഖ്യമന്ത്രി പ്രത്യേകം അഭിനന്ദിച്ചു.

'മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ', 'ഉദ്യാന ശ്രേഷ്ഠ' എന്നീ പുതിയ അവാർഡ് വിഭാഗങ്ങളും ഈ വർഷം മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലെ പുരസ്കാര ജേതാക്കളെ മുഖ്യമന്ത്രി അഭിനന്ദിച്ചു. കർഷകദിനാഘോഷം മികച്ച രീതിയിൽ സംഘടിപ്പിച്ച കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖിനെയും കൃഷിവകുപ്പ് ഉദ്യോഗസ്ഥരെയും മുഖ്യമന്ത്രി അഭിനന്ദിച്ചു.

## വിപുലമായ കാർഷിക പ്രദർശനം

സംസ്ഥാനതല ആഘോഷത്തിന്റെ ഭാഗമായി കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന വിപുലമായ കാർഷിക പ്രദർശനവും സംഘടിപ്പിച്ചു.

സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള ഭൗമസൂചിക (GI) പദവി ലഭിച്ച കാർഷിക ഉൽപ്പന്നങ്ങൾ, കേരള ഗ്രോ ഉൽപ്പന്നങ്ങൾ, മൂല്യവർധിത ഉൽപ്പന്നങ്ങൾ, കാർഷിക യന്ത്രവത്കരണ സാങ്കേതികവിദ്യകൾ, കാർഷിക സംരംഭകത്വ മാതൃകകൾ എന്നിവ പ്രദർശനത്തിന്റെ ഭാഗമായി. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, മണ്ണ് സംരക്ഷണ വകുപ്പ്, വിവിധ സർക്കാർ ഫാമുകൾ, ഹോർട്ടികോർപ്പ്, KERA, അഗ്മാർക്ക്, സഹകരണ മേഖല തുടങ്ങിയവയുടെ സ്റ്റാളുകളും വിവിധ സർക്കാർ വകുപ്പുകളുടെയും കാർഷിക ഏജൻസികളുടെയും പദ്ധതികളും സേവനങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കിയിരുന്നു.

ഫിഷറീസ് വകുപ്പ് മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. എംപിമാരായ ഹൈബി ഈഡൻ, ബെന്നി ബെഹനാൻ, ജെബി മേത്തർ, ഹാരിസ് ബീരാൻ, ഫ്രാൻസിസ് ജോർജ് എന്നിവരും എം.എൽ.എമാർ, മറ്റ് ജനപ്രതിനിധികൾ, കാർഷിക മേഖലയിലെ വിദഗ്ധർ, ഉദ്യോഗസ്ഥർ, കർഷകർ, കർഷകത്തൊഴിലാളികൾ, കാർഷിക സംരംഭകർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**